പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 274 — 19-07-2016 ൽ മറുപടിക്ക്

## കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം. ഷാജി<br>ശ്രീ.പി. ഉബൈദുള്ള<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) കൃഷി വകുപ്പിന്റെ കീഴിൽ ആരംഭിച്ച കാർഷിക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രതിസന്ധികളാണ് കർഷകത്തൊഴിലാളികളുടെ കുറവും വർദ്ധിച്ചുവരുന്ന കൃഷിചെലവും ഇവയ്ക്ക് ഒരു പരിഹാരം എന്ന നിലയിൽ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾ അഥവാ അഗ്രോസർവ്വീസ് സെന്ററുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു. ബന്ധപ്പെട്ട കൃഷി ഓഫീസർമാർ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാത്ത സെന്ററുകൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. |
| ബി) ഇവയുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിപുലീകരണ പദ്ധതിയുടെ വിശദ വിവരം നൽകാമോ; | (ബി) | ഉണ്ട്. കാർഷിക സേവന കേന്ദ്രങ്ങളുടെ നിലവിലെ പ്രവർത്തനം വിലയിരുത്തി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നവയ്ക്ക് മണ്ണ് പരിശോധനാ ലാബ്, ബയോഫാർമസി, നഴ്സറി എന്നിവ ആരംഭിക്കുന്നതിനും മൂന്ന് അല്ലെങ്കിൽ നാല് ചക്ര വാഹനങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകി വരുന്നു. |
| സി) പുതുതലമുറയ്ക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കാനുതകുന്ന എന്തൊക്കെ പരിപാടികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പുതുതലമുറയെ കാർഷികരംഗത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി 25 രൂപ ചെലവ് വരുന്ന വിവിധ ഇനം പച്ചക്കറി വിത്തുകൾ 10 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിവരുന്നു. ആയത് വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് ഉതകുന്ന രീതിയിൽ പ്രതിപാദിച്ചുകൊണ്ടുള്ള ലഘുലേഖകൾ നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ വിദ്യാലയ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് പ്രവർത്തനച്ചെലവ് ഉൾപ്പെടെ 5000 രൂപ ധനസഹായമായി നൽകി വരുന്നുണ്ട്. |

| | | |
|---|---|---|
| | | സ്കൂൾതലത്തിൽ കർഷകതിലകം, കർഷക പ്രതിഭ അവാർഡുകൾ ലഭിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനിക്ക് കാർഷിക സർവ്വകലാശാല നടത്തുന്ന ബി.എസ്.സി അഗ്രികൾച്ചർ കോഴ്സ് പ്രവേശനത്തിനായി 1 (ഒന്ന്) സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.<br><br>കൃഷി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും ആലോചിക്കുന്നുണ്ട്. കൂടാതെ അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേന എന്നിവ വഴി യന്ത്രവൽക്കരണം വ്യാപകമാക്കുന്നതിനും ആയതിൽ യുവജനങ്ങളെ ആകർഷിക്കുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ